## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** — **10-06-2024 - ൽ മറുപടിയ്ക്ക്**

## നെല്ല് സംഭരണത്തിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരണം ഈ വർഷവും പൂർണ്ണമായും മുടങ്ങിയതിനാൽ ആയത് പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നെല്ലുസംഭരണ കാര്യത്തിൽ യാതൊരു മുടക്കവുമുണ്ടായിട്ടില്ല. എല്ലാവർഷവും ഒന്നാം വിള നെല്ല് സംഭരണം ആരംഭിക്കുന്നത് സെപ്റ്റംബർ മാസം മുതലാണ്. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നെല്ല് സംഭരണം ആരംഭിക്കുന്നത്. 2023-24 സീസണിലും സമയബന്ധിതമായി സംഭരണം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സപ്ലൈകോ ചെയ്തിരുന്നു. നെല്ല് സംഭരണത്തിൽ പങ്കാളികളാകാൻ താൽപ്പര്യമുള്ള മില്ലുകളെ ക്ഷണിച്ചുകൊണ്ടുള്ള താൽപ്പര്യ പത്രം പത്രമാധ്യമങ്ങൾ വഴി പുറപ്പെടുവിച്ചു. നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ സൈറ്റ് (www.supplycopaddy.in) കർഷകർക്കായി 2023 ആഗസ്റ്റ് ഒന്നുമുതൽ തുറന്നു കൊടുത്തു. 2023-24 സീസണിലെ നെല്ല് സംഭരിക്കുന്നതിന് 59 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ട് നെല്ല് സംഭരിച്ചു വരുന്നു. 2023-24 ഒന്നാംവിള സീസണിൽ ആകെ 61,519 കർഷകരിൽ നിന്ന് 1,54,170.354 മെട്രിക് ടൺ നെല്ല് സംഭരിച്ചു. 2023-24 രണ്ടാം വിള സീസണിൽ ആകെ 1,35,860 കർഷകരിൽ നിന്ന് 3,98,508.855 മെട്രിക് ടൺ നെല്ല് സംഭരിച്ചു. രണ്ടുംചേർത്ത് 1,97,379 കർഷകരിൽനിന്നായി 5,52,679.209 മെട്രിക് ടൺ നെല്ല് ഇതിനോടകം സംഭരിച്ചുകഴിഞ്ഞു. ഇപ്രകാരം നിലവിൽ 2023-24 സീസണിലെ നെല്ല് സംഭരണം തടസ്സമില്ലാതെ പുരോഗമിച്ചു വരുന്നു. |
| (ബി) | കർഷകർക്ക് അനുവദനീയമായ ഇളവ് നൽകി നെല്ല് എത്രയും വേഗം സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **സപ്ലൈകോയുടെ കർഷക രജിസ്ട്രേഷൻ പോർട്ടലിൽ നിബന്ധനകൾ അനുസരിച്ചു രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകരിൽ നിന്നും കർഷക ഗ്രൂപ്പിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. ഇത്തരത്തിൽ** |

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്തെ 85-90% നെല്ല് സംഭരണം പൂർത്തിയായിട്ടുണ്ട്.** |
| (സി) | മഴയും പ്രതികൂല കാലാവസ്ഥയും കാരണം കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശത്തെ നെൽകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | **2023-24 സീസണിൽ കുട്ടനാട്, അപ്പർ കുട്ടനാട് പ്രദേശത്തെ നെൽ കർഷകരിൽ നിന്ന് 90% നെല്ലും സപ്ലൈകോ സംഭരിച്ച് കഴിഞ്ഞു. നിലവിൽ പരാതിരഹിതമായി നെല്ല് സംഭരണം പുരോഗമിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ